**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **16-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പ്രതിവർഷം ഉപയോഗിക്കുന്ന മരുന്നുകളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യമേഖലയിലെ ചികിത്സാർത്ഥം എത്ര തുകയുടെ അലോപ്പതി/ ആയുർവ്വേദ/ഹോമിയോ മരുന്നുകൾ പ്രതിവർഷം ഉപയോഗിക്കുന്നുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ആരോഗ്യമേഖലയിലെ ചികിത്സാർത്ഥം 2020-21 സാമ്പത്തിക വർഷത്തിൽ 3726 കോടി രൂപയുടെ അലോപ്പതി മരുന്നുകളും 48 കോടി രൂപയുടെ ഹോമിയോ മരുന്നുകളും ഉപയോഗിച്ചിട്ടുണ്ട്. ചികിത്സാർത്ഥം എത്ര തുകയുടെ ആയുർവ്വേദ / സിദ്ധ /യുനാനി മരുന്നുകൾ ഉപയോഗിക്കുന്നു എന്ന് വിലയിരുത്തിയിട്ടില്ല. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940, റൂൾസ് 1945 പ്രകാരം തങ്ങളെ സമീപിക്കുന്ന രോഗികൾക്ക് സ്വന്തമായി നിർമ്മിച്ച മരുന്ന് വിതരണം ചെയ്യാൻ ആയുർവേദ ഡോക്ടർമാർക്ക് അനുമതി നൽകുന്നുണ്ട്. ആയതിനാൽ ചികിത്സാർത്ഥം ഉപയോഗിക്കപ്പെടുന്ന ആയുർവ്വേദ മരുന്നുകളുടെ വ്യക്തമായ കണക്കു ലഭ്യമല്ല. |
| (ബി) | മേൽപറഞ്ഞ മരുന്നുകളിൽ എത്ര ശതമാനം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ട് ;വിപണനം എത്ര ശതമാനമാണ് ; കേന്ദ്ര, സംസ്ഥാന സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളുടെ മരുന്ന് വിപണനം എത്ര ശതമാനമെന്നതും വിശദമാക്കുമോ; | (ബി) | ആരോഗ്യ മേഖലയിലെ ചികിൽസയ്ക്കായി 3774 കോടി രൂപയുടെ അലോപ്പതി, ഹോമിയോ മരുന്നുകൾ വിൽപ്പന നടത്തിയതിൽ 6.68 ശതമാനം മരുന്നുകളാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചത്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച 6.68 ശതമാനം അലോപ്പതി, ഹോമിയോ മരുന്നുകൾ അത്രയും തന്നെ വിപണനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച അലോപ്പതി, ഹോമിയോ മരുന്നുകളിൽ 45 ശതമാനം സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണ്. കേന്ദ്ര സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ മെഡിക്കൽ ഡിവൈസസ് വിഭാഗത്തിൽപ്പെടുന്നവയാണ് ഉൽപ്പാദിപ്പിക്കുന്നത്. സംസ്ഥാനത്തെ ആയുർവ്വേദ /സിദ്ധ/ യുനാനി ഔഷധനിർമ്മാണ ലൈസൻസ് കരസ്ഥമാക്കിയ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം കുറഞ്ഞത് 2675 കോടി രൂപയുടെ വിറ്റ് വരവ് നടത്തിയതായി കണക്കാക്കപ്പെടുന്നു. പ്രസ്തുത |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ കൂട്ടത്തിൽ പൊതുമേഖലാ സ്ഥാപനമായ ഔഷധി 140 കോടിയുടെ വിപണനം നടത്തിയിട്ടുണ്ട്. |
| (സി) | മറ്റു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ മരുന്നുകൾ എത്ര ശതമാനം സംസ്ഥാനത്ത് വിപണനം ചെയുന്നുണ്ട് ; | (സി) | സംസ്ഥാനത്ത് വിപണനം ചെയ്യുന്ന അലോപ്പതി, ഹോമിയോ മരുന്നുകളിൽ 93 ശതമാനം അന്യ സംസ്ഥാനങ്ങളിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നവയാണ്. ആയുർവ്വേദ/സിദ്ധ/ യുനാനി ഔഷധങ്ങൾ നിർമ്മിക്കാനുള്ള ലൈസൻസ് മാത്രമാണ് നിലവിൽ ആയുർവ്വേദ മരുന്നു പരിശോധനാ വിഭാഗം ലഭ്യമാക്കുന്നത്. പ്രസ്തുത മരുന്നുകളുടെ വിപണനത്തിനായി പ്രത്യേക നിയന്ത്രണങ്ങളോ ചട്ടങ്ങളോ ഇല്ലാത്തതിനാൽ ഒരു സംസ്ഥാനത്തിന്റെ ഔഷധ നിർമ്മാണ ലൈസൻസ് കരസ്ഥമാക്കിയ സ്ഥാപനത്തിന് ഇന്ത്യയിലെവിടെയും വിപണനത്തിനുള്ള അവകാശം ഉണ്ട്. നിരവധി അന്യസംസ്ഥാന കമ്പനികൾ തങ്ങളുടെ ഔഷധങ്ങൾ കേരളത്തിൽ വിപണനം ചെയ്യുന്നുണ്ട്. പ്രസ്തുത നടപടി നിയമ വിധേയമായതിനാലും അന്തർസംസ്ഥാന വിപണനത്തിന് പ്രത്യേക ലൈസൻസോ രജിസ്ട്രേഷൻ നടപടികളോ നിഷ്കർഷിച്ചിട്ടില്ലാ എന്നതിനാലും ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. സംസ്ഥാനത്ത് ഉപയോഗിച്ച് വരുന്ന ആകെ അലോപ്പതി, ഹോമിയോ മരുന്നുകളുടെ 89 ശതമാനമാണ് സ്വകാര്യ ബഹുരാഷ്ട്ര കമ്പനികളുടെ C & F വഴി വിതരണം ചെയ്യുന്നത്. |
| (ഡി) | സംസ്ഥാനത്ത് ഉപയോഗിച്ചു വരുന്ന ആകെ മരുന്നുകളുടെ എത്ര ശതമാനമാണ് സ്വകാര്യ ബഹുരാഷ്ട്ര കമ്പനികൾ വിതരണം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്ത് വിപണനം ചെയ്യുന്ന അലോപ്പതി, ഹോമിയോ മരുന്നുകളിൽ 93 ശതമാനം അന്യ സംസ്ഥാനങ്ങളിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നവയാണ്. ആയുർവ്വേദ/സിദ്ധ/ യുനാനി ഔഷധങ്ങൾ നിർമ്മിക്കാനുള്ള ലൈസൻസ് മാത്രമാണ് നിലവിൽ ആയുർവ്വേദ മരുന്നു പരിശോധനാ വിഭാഗം ലഭ്യമാക്കുന്നത്. പ്രസ്തുത മരുന്നുകളുടെ വിപണനത്തിനായി പ്രത്യേക നിയന്ത്രണങ്ങളോ ചട്ടങ്ങളോ ഇല്ലാത്തതിനാൽ ഒരു സംസ്ഥാനത്തിന്റെ ഔഷധ നിർമ്മാണ ലൈസൻസ് കരസ്ഥമാക്കിയ സ്ഥാപനത്തിന് ഇന്ത്യയിലെവിടെയും വിപണനത്തിനുള്ള അവകാശം ഉണ്ട്. നിരവധി അന്യസംസ്ഥാന കമ്പനികൾ തങ്ങളുടെ ഔഷധങ്ങൾ കേരളത്തിൽ വിപണനം ചെയ്യുന്നുണ്ട്. പ്രസ്തുത നടപടി നിയമ വിധേയമായതിനാലും അന്തർസംസ്ഥാന വിപണനത്തിന് പ്രത്യേക ലൈസൻസോ രജിസ്ട്രേഷൻ നടപടികളോ നിഷ്കർഷിച്ചിട്ടില്ലാ എന്നതിനാലും ഇത് സംബന്ധിച്ച കണക്കുകൾ |

| | | | |
|---|---|---|---|
| | | | ലഭ്യമല്ല. സംസ്ഥാനത്ത് ഉപയോഗിച്ച് വരുന്ന ആകെ അലോപ്പതി, ഹോമിയോ മരുന്നുകളുടെ 89 ശതമാനമാണ് സ്വകാര്യ ബഹുരാഷ്ട്ര കമ്പനികളുടെ C & F വഴി വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ